# പ്രകൃതി റിസർച്ച് ദേശീയ ഫെല്ലോഷിപ്പ് ദേവികക്ക്



എം. ദേവിക അനിൽകുമാർ

മതിലകം: പ്രകൃതി റിസർച്ച് ദേശീയ ഫെലോഷിപ് പി. വെമ്പല്ലൂർ അസ്സാബി കോളജിലെ ഗവേഷകക്ക്. കോളജിലെ ബോട്ടണി വിഭാഗം ഗവേഷകയായ എം. ദേവിക അനിൽകുമാറാണ് ഫെലോഷിപിന് അർഹയായത്.

വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങളുടെ സംരക്ഷണത്തിനും ആവാസ വ്യവസ്ഥ പുനഃസ്ഥാപനത്തിനുമാണ് ഫെലോഷിപ്. അധ്യാപകനും ഗവേഷകനുമായ ഡോ. അമിതാബച്ചന്റെ കീഴിലായിരുന്നു ഗവേഷണം. ദേശീയതലത്തിൽ അർഹത നേടിയ നാലുപേരിൽ കേരളത്തിൽനിന്നുള്ള ഒരേയൊരു ഗവേഷകയാണ് ദേവിക. കരുവന്നൂർ സ്വദേശി മഠത്തിൽ അനിൽകുമാറിന്റെയും ബിന്ദുവിന്റെയും മകളാണ്.

# പൂർവ വിദ്യാർഥി സംഘടന വാർഷികം